റീട്ടെയിൽ വിൽപ്പനയിൽ റെക്കോർഡ്

തൃശൂർ: സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ 1,665 വാഹനങ്ങളുടെ റീട്ടെയിൽ വിൽപ്പനയുമായി ജെഎൽആർ ഇന്ത്യ ചരിത്രത്തിലെ ഏറ്റവും മികച്ച ഒന്നാം പാദ പ്രകടനം കൈവരിച്ചു.

ഇത് മുൻവർഷത്തെ അപേക്ഷിച്ച് 11 ശതമാനം വളർച്ചയാണ്. മൊത്തവിൽപ്പനയും 4 ശതമാനം വർധിച്ച് 1,694 യൂണിറ്റിലെത്തി. ഒന്നാം പാദത്തിലെ റീട്ടെയിൽ വിൽപ്പനയുടെ 85 ശതമാനവും റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്ട്, ഡിഫെൻഡർ മോഡലുകളാണ് സ്വന്തമാക്കിയത്. ഡിഫെൻഡർ തുടർച്ചയായും കമ്പനിയുടെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന മോഡലായി തുടരുകയാണെന്ന് കമ്പനി അറിയിച്ചു.

ഇന്ത്യ–യുകെ സ്വതന്ത്ര വ്യാപാര കരാറിനെ തുടർന്ന് റേഞ്ച് റോവർ എസ്വി, റേഞ്ച് റോവർ സ്പോർട്ട് എസ്വി മോഡലുകൾക്ക് ജെഎൽആർ ഇന്ത്യ പുതുക്കിയ വില പ്രഖ്യാപിച്ചിരുന്നു. മോഡലിനെ ആശ്രയിച്ച് 75 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്ന ഈ പ്രഖ്യാപനത്തെ തുടർന്ന് എസ്വി മോഡലുകളെക്കുറിച്ചുള്ള ഉപഭോക്തൃ അന്വേഷണങ്ങളും ബെസ്പോക്ക് വാഹനങ്ങളോടുള്ള ആവശ്യകതയും ഗണ്യമായി വർധിച്ചതായി കമ്പനി അറിയിച്ചു.

ശക്തമായ പുതിയ ഉൽപ്പന്ന നിരയുടെ പിന്തുണയോടെ 2026–27 സാമ്പത്തിക വർഷത്തിലും മികച്ച വളർച്ച തുടരുമെന്ന പ്രതീക്ഷയിലാണ് കമ്പനി.

ഗുരുവായൂർ : ക്ഷേത്ര വികസനം: മാസ്റ്റർ പ്ലാൻ ഇല്ലാതെ ഭൂമി ഏറ്റെടുക്കാനാകില്ലെന്ന് വ്യാപാരികൾ

ഗുരുവായൂർ : ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിലെ വ്യാപാരികളുടെയും നാട്ടുകാരുടെയും ആശങ്കകൾ പരിഹരിക്കാൻ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. മാസ്റ്റർ പ്ലാൻ ഇല്ലാതെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ വ്യാപാരികൾ പ്രതിഷേധം അറിയിച്ചു. നേരത്തെ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവതരിപ്പിച്ചു. ആരെയും വിഷമിപ്പിക്കാതെയും എല്ലാവരുടെയും അഭിപ്രായങ്ങൾ മാനിച്ചും മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയുള്ളൂവെന്ന് മന്ത്രി വ്യക്തമാക്കി. ഭൂമി നഷ്ടപ്പെടുന്നവരുടെയും വ്യാപാരികളുടെയും ആശങ്കകൾ പൂർണ്ണമായും പരിഹരിക്കാനായി വിപുലമായ യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു. ആരുടെയും കണ്ണുനീർ വീഴ്ത്തിക്കൊണ്ടുള്ള ഒരു നടപടിയും ഉണ്ടാകില്ലെന്ന് ദേവസ്വം ചെയർമാൻ എ.വി. ഗോപിനാഥ് വ്യക്തമാക്കി. കളക്ടർ ശിഖ സുരേന്ദ്രൻ, ദേവസം കമ്മീഷണർ എം.ജി. രാജമാണിക്യം, എംഎൽഎമാരായ എൻ.കെ. അക്ബർ ഗീതാഗോപി, മർച്ചൻസ് അസോസിയേഷൻ പ്രസിഡണ്ട് ടി.എൻ. മുരളി, വാർഡ് കൗൺസിലർ ശോഭ ഹരിനാരായണൻ, ജി.കെ. പ്രകാശൻ, ഒ.കെ.ആർ. മണികണ്ഠൻ തുടങ്ങിയവർ പങ്കെടുത്തു.

ഓർത്തഡോക്സ് സഭ: മേൽപ്പട്ടതിരഞ്ഞെടുപ്പിൽ പ്രതിഷേധം, രണ്ട് അംഗങ്ങൾ രാജിവച്ചു

കുന്നംകുളം: നടപടിക്രമങ്ങൾ പാലിക്കാതെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കായി പുതിയ നാല് മേൽപ്പട്ടക്കാരെ തെരഞ്ഞെടുക്കുന്നതിൽ പ്രതിഷേധിച്ച് അസോസിയേഷൻ അംഗങ്ങൾ രാജിവെച്ചു. ഇപ്പോഴത്തെ മേൽപ്പട്ട തിരഞ്ഞെടുപ്പ് 1934 ലെ സഭാ ഭരണഘടനയ്ക്കും ഭാരതത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾക്കും എതിരാണന്ന് രാജിവെച്ചവർ പറഞ്ഞു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളായ ഗിൽബർട്ട് ചീരൻ, അനീഷ് ജോയി എന്നിവർ തങ്ങളുടെ ഇടവക മെത്രാപ്പോലിത്തമാർ മുമ്പാകെയാണ് രാജി സമർപ്പിച്ചത്. കുന്നംകുളം ഭദ്രാസനത്തിൽ ഉൾപ്പെടുന്ന പഴഞ്ഞി സ്വദേശി ഗിൽബർട്ട് ചീരൻ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത മുമ്പാകെയും അടൂർ കടമ്പനാട് ഭദ്രാസനത്തിൽ പെടുന്ന അരമനപ്പള്ളി ഇടവകാംഗം അനീഷ് ജോയി സക്കറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത മുമ്പാകെയുമാണ് രാജി സമർപ്പിച്ചിട്ടുള്ളത്. 2026 ആഗസ്ത് 27 നാണ് അസോസിയേഷൻ വിളിച്ച് ചേർത്തിട്ടുള്ളത്. 1934 ലെ സഭാ ഭരണഘടനയുടെ 113 വകുപ്പ് അനുസരിച്ചു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സമിതിക്കു മാത്രമേ മെത്രാൻമാരെ തെരെഞ്ഞെടുക്കാൻ അവകാശമുള്ളൂ എന്നിരിക്കെ അതിന് വിരുദ്ധമായുള്ള നടപടിക്രമങ്ങളിൽ പ്രതിഷേധിച്ചാണ് രാജി സമർപ്പിച്ചതെന്ന് ഇരുവരും പറഞ്ഞു.

ആദ്യപാദത്തിൽ 80 കോടി രൂപ അറ്റാദായം നേടി ഇസാഫ് ബാങ്ക്

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ 80 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്. മുൻവർഷത്തെ സമാന പാദത്തിൽ 81 കോടി രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാം പാദത്തിൽ ബാങ്ക് 24 കോടി രൂപ ലാഭം നേടിയിരുന്നു. സുരക്ഷിത വായ്പകൾ, സ്വർണ വായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച രേഖപ്പെടുത്തി. ചെറുകിട സംരംഭങ്ങൾ, കൃഷി, റീട്ടെയ്ൽ, സ്വർണ വായ്പ തുടങ്ങിയ മേഖലകളിൽ സുരക്ഷിത വായ്പാ വിതരണം ശക്തിപ്പെടുത്തിയതാണ് ബാങ്കിനെ ലാഭത്തിലേക്കെത്തിച്ചത്. ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 50000 കോടി രൂപയെന്ന നാഴികക്കല്ല് പിന്നിട്ടു. മൊത്തം വായ്പ 27 ശതമാനം വാർഷിക വളർച്ചയോടെ 23,216 കോടി രൂപയും നിക്ഷേപം 19 ശതമാനം വാർഷിക വളർച്ചയോടെ 26,924 കോടി രൂപയുമായി. 35 ശതമാനം വാർഷിക വളർച്ചയോടെ 14,465 കോടി രൂപയാണ് സുരക്ഷിത വായ്പയായി രേഖപ്പെടുത്തിയത്. മൊത്തം വായ്പയിൽ 62 ശതമാനമാണ് സുരക്ഷിത വായ്പകൾ.

കാസ (കറന്റ് അക്കൗണ്ട്: സേവിങ്സ് അക്കൗണ്ട്) അനുപാതം 12 ശതമാനം വളർച്ചയോടെ 6,297 കോടി രൂപയിലെത്തി. ബാങ്കിന്റെ വായ്പാ– നിക്ഷേപ അനുപാതം 82.3 ശതമാനമാണ്. ആസ്തിഗുണമേന്മകളിൽ ശക്തമായ പ്രകടനമാണ് ബാങ്ക് നടത്തിയത്. മൊത്ത നിഷ്ക്രിയ ആസ്തി 5.4 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.8 ശതമാനമായും മെച്ചപ്പെട്ടു. നീക്കിയിരുപ്പ് അനുപാതം ഉയർന്ന് 85.5 ശതമാനത്തിലെത്തി. അറ്റ പലിശ മാർജിൻ 7.9 ശതമാനമായി വർധിച്ചപ്പോൾ പലിശ വരുമാനം 33 ശതമാനം വാർഷിക വളർച്ചയോടെ 1098 കോടി രൂപയായി ഉയർന്നു. ബാങ്കിന്റെ വരുമാനവും ചെലവും തമ്മിലുള്ള അനുപാതം മുൻവർഷത്തെ 78.2 ശതമാനത്തിൽനിന്നും 58.1 ശതമാനമായി മെച്ചപ്പെട്ടു. പ്രവർത്തന ലാഭം 179 ശതമാനം വാർഷിക വളർച്ചനേടി 349 കോടി രൂപയിലെത്തി. എംഎസ്എംഇ, കൃഷി, റീട്ടെയ്ൽ, സ്വർണ വായ്പാ തുടങ്ങിയ സുരക്ഷിത വായ്പകളിലുണ്ടായ മികച്ച വളർച്ചയാണ് ബാങ്കിനെ ലാഭത്തിലേക്കെത്തിച്ചത്.

ആസ്തി ഗുണമേന്മ വർധിച്ചതും നിഷ്ക്രിയ ആസ്തികൾ കുറഞ്ഞതും ബാങ്ക് നടപ്പാക്കിയ ശക്തമായ നയങ്ങളുടെ ഫലമാണ്. സാങ്കേതികവിദ്യയിലുള്ള നിക്ഷേപം പ്രവർത്തന ക്ഷമതയേയും ഉപഭോക്തൃ സേവനത്തെയും കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. വായ്പകളിലെ റിസ്ക് കുറച്ചും, ആസ്തികളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സുസ്ഥിരമായ വളർച്ച കൈവരിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ഇസാഫ് ബാങ്ക് മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ ഡോ. കെ. പോൾ തോമസ് പറഞ്ഞു.

■ ഐ.ടി.യു ബാങ്കിലെ സാമ്പത്തിക പ്രതിസന്ധി

യു.ഡി.എഫ് ഭരണസമിതിയുടെ സാമ്പത്തിക ക്രമക്കേടു മൂലമെന്ന് എൽ.ഡി.എഫ്.

ഇരിങ്ങാലക്കുട: ഐ.ടി.യു ബാങ്കിലെ സാമ്പത്തിക പ്രതിസന്ധി, യു.ഡി.എഫ് ഭരണസമിതിയുടെ സാമ്പത്തിക ക്രമക്കേടു മൂലമെന്ന് ചൂണ്ടിക്കാട്ടി എൽ.ഡി.എഫ്. മുനിസിപ്പൽ ചെയർമാൻ എം.പി ജാക്സൻ തൽസ്ഥാനം

രാജിവക്കണമെന്നും ആവശ്യപ്പെട്ടു. കരുവന്നൂർ ബാങ്ക് ചൂണ്ടിക്കാട്ടി യു.ഡി.എഫ് കൗൺസിലർമാർ പ്രതിരോധിച്ചതോടെ എൽ.ഡി.എഫ്–യു.ഡി.എഫ്

കൗൺസിലർമാർ തമ്മിൽ കയ്യാങ്കളിയിലേക്കെത്തി. ഭരണസമിതിയെ ആർ.ബി.ഐ മരവിപ്പിച്ചത് രാഷ്ട്രീയ പ്രേരിതമായല്ലെന്നും, ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലെന്നും ബി.ജെ.പി ആരോപിച്ചു. ഏത് ഏജൻസിയുടെ അന്വേഷണത്തെയും നേരിടാമെന്നും, അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ച് കോടതി

കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ സ്ഥാനത്തു തുടരില്ലെന്നും എം.പി ജാക്സൻ പറഞ്ഞു. ഇന്നലെ ചേർന്ന മുനിസിപ്പൽ കൗൺസിൽ യോഗത്തിന്റെ ആരംഭത്തിൽ എൽ.ഡി.എഫ് പാർലമെന്ററി പാർട്ടി ലീഡർ പി.വി. ശിവകുമാറാണ് വിഷയം ഉന്നയിച്ചത്. യു.ഡി.എഫ് ഭരണസമതിയുടെ ക്രമക്കേടു

മൂലം സാമ്പത്തിക പ്രതിസന്ധിയിലായ ഐ.ടി.യു. ബാങ്കിലെ നിക്ഷേപകർ ആശങ്കയിലാണ്. ഏഴായിരത്തോളം വരുന്ന നിക്ഷേപകർ നിക്ഷേപ തുക തിരിച്ചു ചോദിക്കുമ്പോൾ നിക്ഷേപകരെ ഭീഷണിപ്പെടുത്തുകയാണ് കോൺഗ്രസ്സ്

ചെയ്യുന്നത്. പൊതുപരിപാടിയിൽ പങ്കെടുക്കുന്ന മുനിസിപ്പൽചെയർമാനെതിരെ നിക്ഷേപകർ ഉയർത്തുന്ന പ്രതിഷേധം, മുനിസിപ്പൽ കൗൺസിലിനാണ് അപമാനമെന്നും മുനിസിപ്പൽ ചെയർമാൻ എം.പി ജാക്സൻ തൽസ്ഥാനം രാജിവക്കാൻ തയ്യാറാകണമെന്നും പി.വി. ശിവകുമാർ ആവശ്യപ്പട്ടു. മറുപടി പറയാൻ ആരംഭിച്ച മുനസിപ്പൽ ചെയർമാൻ എം.പി.ജാക്സനു മുന്നിൽ എൽ.ഡി.എഫ്. പാർലമെന്ററി പാർട്ടി ലീഡർ പി.വി. ശിവകുമാറിന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. അംഗങ്ങൾ പ്രതിഷേധിച്ചതോടെയാണ് കരുവന്നൂർ ബാങ്ക് ചൂണ്ടിക്കാട്ടി യു.ഡി.എഫ് അംഗങ്ങൾ പ്രതിരോധവുമായെത്തിയത്. ഇരു വിഭാഗവും തമ്മിലുള്ള

വാക്കുതർക്കങ്ങൾക്കിടയിൽ ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മറ്റി

ചെയർമാൻ ടി.എ. പോളും, എൽ.ഡി.എഫ് അംഗങ്ങളും തമ്മിൽ ഉന്തും തള്ളും നടന്നു. മുതിർന്ന അംഗങ്ങൾ ഇടപെട്ട് ഇരു വിഭാഗത്തെയും പിൻതിരിപ്പിച്ചതോടെയാണ് കൂടുതൽ സംഘർഷത്തിലേക്ക് കടക്കാതിരുന്നത്. രാഷ്ട്രീയ പ്രേരിതമായാണ് ഐ.ടി.യു. ബാങ്ക് ഭരണസമിതിയെ മരവിച്ചതെന്ന വാദം അംഗീകരിക്കാനാകില്ലെന്ന് ബി.ജെ.പി പാർലമെന്ററി പാർട്ടി ലീഡർ ടി.കെ. ഷാജു പറഞ്ഞു. ബാങ്കിന്റെ ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് ആർ.ബി.ഐ. നടപടി സ്വീകരിച്ചത്. ആർ.ബി.ഐ. നൽകിയ നിർദ്ദേശങ്ങൾപാലിച്ചെല്ലെന്നു മാത്രമല്ല, പല കാര്യങ്ങളിലും, ഉദ്യോഗസ്ഥതലത്തിലും, ഭരണതലത്തിലും വീഴ്ചയുണ്ടായി. ഐ. ടി.യു ബാങ്കിലെ ഭരണസമിതിയെ വിമർശിക്കുന്ന എൽ.ഡി.എഫ്. അംഗങ്ങൾക്കെതിരെ കരുവന്നൂർ ബാങ്ക് വിഷയം ചൂണ്ടിക്കാട്ടി ടി. കെ. ഷാജു തിരിഞ്ഞതോടെ ബി. ജെ.പി–എൽ.ഡി.എഫ്അംഗങ്ങൾ തമ്മിലായി വാക്കേറ്റം. ഡെപ്പോസിറ്റ് ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തി ഐ.ടി.യു ബാങ്ക് അഞ്ചു ലക്ഷം രൂപ വരെ നിക്ഷേപകർക്ക് തിരിച്ചു നൽകിയപ്പോൾ കരുവന്നൂർ ബാങ്കിൽ പ്രീമിയം അടക്കാതിരുന്നതിനെ തുർന്ന് അതു പോലും നൽകാൻ കഴിഞ്ഞില്ലെന്ന് ടി.കെ. ഷാജു കുറ്റപ്പെടുത്തി. കരുവന്നൂർ–ഐ.ടി.യു. ബാങ്കുകളിലെ പ്രതിസന്ധി മൂലംനാട്ടിൽ സാമ്പത്തിക അടിയന്ത രാവസ്ഥ അനുഭവപ്പെടുകയാണന്നും, നിക്ഷേപകരുടെനിക്ഷേപം തിരിച്ചു നൽകാൻ നടപടിയുണ്ടാകണമെന്നും ടി.കെ. ഷാജു ആവശ്യപ്പെട്ടു.ഐ.ടി.യു. ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകില്ലെന്നും, രാഷ്ട്രീയ പ്രേരിതമായി നടപടിയെടുത്ത ഭരണസമിതിയെ തിരിച്ചു കൊണ്ടു വരാനാണ് ശ്രമിക്കുന്നതെന്നും മുനിസിപ്പൽ ചെയർമാൻഎം.പി ജാക്സൻ പറഞ്ഞു. ബാങ്കിൽ ഒരു വിധത്തിലുള്ള അഴിമതിയും നടന്നിട്ടില്ലെന്ന് ഇപ്പോഴത്തെ അഡ്മിനിസ്ട്രേറ്റർ

വ്യക്തമാക്കിയിട്ടുള്ളതാണ്. നിക്ഷേപകരുടെ നിക്ഷേപം തിരിച്ചുനൽകുന്നതിനാണ് താൻ ഹൈക്കോടതിയെ സമീപിച്ച് ഭരണസമിതിയെ തിരിച്ചു കൊണ്ടുവരുവാൻ ശ്രമിക്കുന്നത്. ഭരണസമിതി തിരിച്ചു വന്നാൽ സമയബന്ധിതമായി നിക്ഷേപകരുടെ നിക്ഷേപം തിരിച്ചു നൽകും. ബാങ്കിനെതിരെ ആർ.ബി.ഐ. നടപടിയെടുത്ത് ഒൻപതു മാസവും സംസ്ഥാനത്ത് എൽ.ഡി.എഫായിരുന്നു അധികാരത്തിൽ. ഒരു വിജിലൻസ് അന്വേഷണമോ, മറ്റ് ഏജൻസികളുടെ അന്വേഷണമോ ഉണ്ടായില്ല. സി.പി.എം നേതാക്കൾ നൽകിയപരാതിയിൽ മുൻപ് സഹകരണ വകുപ്പ് ചട്ടങ്ങൾ അനുസരിച്ചുള്ള അന്വേഷണം സംസ്ഥാന സർക്കാർ നടത്തയിട്ടുള്ളതാണ്.

കഴിഞ്ഞ നാൽപതു കൊല്ലത്തെ തന്റെപൊതു പ്രവർത്തന കാലഘട്ടത്തിൽ ഒരു കറുത്ത പാടു പോലുംചൂണ്ടിക്കാണിക്കാൻ കഴിയില്ലെന്നും, ഏത് ഏജൻസി അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച് കോടതി കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ താൻ സ്ഥാനത്തു തുടരില്ലെന്നും എം.പി. ജാക്സൻ പറഞ്ഞു.

● ബി.എ. അഞ്ചാം റാങ്ക് നേടിയ ഗൗരിനന്ദനയെ നാട്ടിക പഞ്ചായത്ത് പ്രസിഡന്റ് പി. വിനു ആദരിക്കുന്നു

അഞ്ചാം റാങ്ക് നേടിയ ഗൗരി നന്ദനയെ ആദരിച്ചു

തൃപ്രയാർ : കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷനിൽ അഞ്ചാം റാങ്ക് നേടിയ നാട്ടിക ഗ്രാമ പഞ്ചായത്ത് ഒമ്പതാം വാർഡിലെ ഗൗരി നന്ദനയെ കോൺഗ്രസ് നാട്ടിക ഒൻപതാം വാർഡ് കമ്മിറ്റി ആദരിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.വിനു മധുരം നൽകിയും പൊന്നാട അണിയിച്ചുമാണ് ആദരിച്ചത്. കോൺഗ്രസ് ഒൻപതാം വാർഡ് പ്രസിഡന്റ് മണികണ്ഠൻ ഗോപുരത്തിങ്കൽ അധ്യക്ഷത വഹിച്ചു.

കോൺഗ്രസ് നാട്ടിക മണ്ഡലം പ്രസിഡന്റ് പി.എം.സിദ്ദിഖ്, ബ്ലോക്ക് സെക്രട്ടറിമാരായ സി. എസ്. മണികണ്ഠൻ ,പി.സി. മണികണ്ഠൻ , പഞ്ചായത്ത് അംഗങ്ങളായ സുബില പ്രസാദ്, നിഷ ഉണ്ണിക്കൃഷ്ണൻ, സിന്ധു സിദ്ധപ്രസാദ് ,എന്നിവർ സന്നിഹിധാരായി.

● ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് പി. കൃഷ്ണപ്രസാദ് നിർവഹിക്കുന്നു.

തിരുവില്വാമല പഞ്ചായത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിയുടെ വിളവെടുപ്പ് നടന്നു

തിരുവില്വാമല: തിരുവില്വാമല പഞ്ചായത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിയുടെ വിളവെടുപ്പ് നടന്നു. കേരള സർക്കാർ ഫിഷറീസ് വകുപ്പും തിരുവില്വാമല പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കിയ 2025 26 വർഷത്തെ ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ മത്സ്യ വിളവെടുപ്പാണ് നടത്തിയത്. പടുതകുളം വരാൽ കൃഷി യൂണിറ്റാണ് മത്സ്യ കുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിച്ചിരുന്നത്. വിഷ രഹിത മത്സ്യം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യതോടു കൂടിയുള്ള ഈ പദ്ധതിയുടെ ഉൽഘാടനം പഞ്ചായത്ത് പ്രസിഡന്റ് പി. കൃഷ്ണപ്രസാദ് നിർവഹിച്ചു..

വൈസ് പ്രസിഡണ്ട് ഷീല പണിക്കർ അദ്ധ്യക്ഷയായിരുന്നു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം വി.ടി ജയന്തി, ഫിഷറീസ് ഓഫീസർ ധന്യാസണ്ണി, ഫിഷറീസ് അകാകൾചർ പ്രമോട്ടർ ശാലിനിഗിരിഷ് സംസാരിച്ചു. മത്സ്യ കൃഷി യെക്കുറിച്ച് കർഷകൻ വിജയകുമാർ വിശദീകരിച്ചു.

രണ്ടു സെന്റ് പടുതകുളത്തിൽ 1000 മത്സ്യ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിരുന്നത്. 8 മാസം വളർച്ച എത്തിയ വരാൽ മത്സ്യങ്ങളുടെ വിളവെടുപ്പാണ് നടന്നത്.

വീടിന് തീപിടിച്ചു

ചാലക്കുടി: വെള്ളാഞ്ചിറയിൽ വീടിന് തീപിടിച്ചു. വെള്ളാഞ്ചിറ പള്ളിക്ക് സമീപം ആച്ചാണ്ടി ഷൈജുവിന്റെ ഷീറ്റ് മേഞ്ഞ വീടാണ് കത്തിനശിച്ചത്. ഇന്നലെ രാവിലെ 10 ഓടെയായിരുന്നു സംഭവം. ഷോർട്ട് സർക്യൂട്ടാണ് തീവടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. സംഭവസമയത്ത് വീട്ടിൽ ആരുമുണ്ടായിരുന്നില്ല. ചാലക്കുടിയിൽ നിന്നും ഫയർഫോഴ്സെത്തിയാണ് തീയണച്ചത്. വീടും വീട്ടുപകരണങ്ങളും പൂർണ്ണമായും കത്തിനശിച്ചു.

മരം മുറിച്ചുമാറ്റി

ആലത്തൂർ: കുനിശേരി തൃപ്പാളൂർ റോഡിൽ, നരിപ്പൊറ്റ ശ്രുതി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ലൈബ്രറിയുടെ മുൻവശത്ത് നിന്നിരുന്ന വാകമരം മുറിച്ചുമാറ്റി. മരം അപകടഭീഷണി ഉയർത്തുന്നതായുള്ള പരാതിയെത്തുടർന്നാണ് നടപടി.

വേരുകൾ കെട്ടിടത്തിന്റെ അടിയിലൂടെ പോയതിനാൽ വലിയ സുരക്ഷാഭീഷണിയുണ്ടെന്ന് ക്ലബ് സെക്രട്ടറി എസ്. സിദ്ദിഖ് നൽകിയ പരാതിയിൽ പറഞ്ഞിരുന്നു.

സംവാദം നാളെ

പാലക്കാട്: ജില്ലാ പബ്ലിക് ലൈബ്രറിയിലെ വനിതാവേദിയുടെ ആഭിമുഖ്യത്തിൽ നാളെ ഉച്ച തിരിഞ്ഞ് ലൈബ്രറിയിൽ നടക്കുന്ന മനശാസ്ത്ര സംവാദവേദി ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. സുഷിത അജയ് ക്ലാസെടുക്കും.

കേരള വാട്ടർ അതോറിറ്റി ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : Re e-TENDER No:WRD/KWA-CE(CR)TR/26149,26772,26782,25698, 25702,25693/25300/2025
വാർഷിക അറ്റകുറ്റപണികൾ 2026-27 മാവേലിക്കര സബ് ഡിവിഷന്റെ പരിധിയിലുള്ള തഴക്കര,താമരക്കുളം,ചെട്ടികുളങ്ങര,ചെറിയനാട്, ചെന്നിത്തല,മാന്നാർ, ചുനക്കര പഞ്ചായത്തുകളിലെ ഒരു വർഷകാലയളവിലെ പൈപ് ലൈൻ ചോർച്ചകൾ പരിഹരിക്കലും മറ്റ് അറ്റകുറ്റപ്പണികളും.
നിരതദ്രവ്യം : Rs.22202-30940. ടെണ്ടർ ഫീസ് : Rs.1960-2760.
ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 10-08-2026 02:00:pm
ഫോൺ : 0479 2303264. വെബ്സൈറ്റ് : www.kwa.kerala.gov.in
www.etenders.kerala.gov.in. KWA-JB-GL-6-203-2026-27
അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ws സബ് ഡിവിഷൻ,മാവേലിക്കര

നഷ്ടപ്പെട്ടു

എന്റെയും മറ്റും അച്ഛൻന് അബ്ദുൾ ജബ്ബാർരാവുത്തർ എന്നവർ പേരിലുള്ള കൊടുവായൂർ സ.റ.1955ൽ 611–ാം നമ്പ്ര് ആധാരം തിരിച്ച് കിട്ടാത്തവിധം കൈമോശം വന്നു പോയിരിക്കുന്നു. ആയതിന്റെ സർട്ടിഫൈഡ്കോപ്പി വാങ്ങി അവകാശികളായ ഞാനും മറ്റും കൂടി വിൽക്കുവാനോ പണയപ്പെടുത്തുവാനോ കൈയ്മാറുവാനോ ഒഴിമുറി, ഭാഗപത്രം മുതലായത് നടത്തുവാൻ ഉദ്ദേശിക്കുന്നു. ആക്ഷേപം ഉള്ളവർ ഇന്ന് മുതൽ 7 ദിവസത്തിനുള്ളിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
ലിയാക്കത്തലി.എം.എ, S/o.അബ്ദുൾ ജബ്ബാർരാവുത്തർ, നോവൽറ്റി, പാലക്കാട് റോഡ് കൊടുവായൂർ, കൊടുവായൂർ ഫോൺ:9946054667

ബഹുമാനപ്പെട്ട വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ
OS 290/2022

സുൾഫിത്ത് മജീദ്, 46 വയസ്സ്, W/o മജീദ്, എം എ ഹൗസ്, കാവശ്ശേരി ദേശം & അംശം ആലത്തൂർ താലൂക്ക്, എന്നവർക്ക് വേണ്ടി മുക്ത്യാർ ഏജന്റ് ഷാക്കത്തലി, S/o മൊയ്തു സാഹിബ്, കാവശ്ശേരി ദേശം & അംശം, ആലത്തൂർ താലൂക്ക്.
- അന്യായം -
1. സാഹിർ, S/o ഹംസ ഏനമ്പുച്ചി ഹൗസ്, ഷൊർണ്ണൂർ പി. ഒ, പിൻ - 679121, ഒറ്റപ്പാലം താലൂക്ക്
2. മുഹമ്മദ് ഹാഷിർ, S/o അബ്ദുൾ സലാം കൊട്ടത്തെച്ചിൽ വീട്ടിൽ, മിണാലൂർ,പിൻ അത്താണി പി.ഒ, തലപ്പിള്ളി താലൂക്ക്. 680581.
- 8,9 പ്രതികൾ -
മേൽ നമ്പറിൽ 8,9 എന്നീ പ്രതികൾക്കുള്ള പ്രതി സമൻസ് കൽപന പതിച്ച് നടത്തുന്നതിനായി മേൽ നമ്പർ കേസ് 07/09/2026 തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേദിവസം നിങ്ങൾ കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്ത പക്ഷം കേസ് നിങ്ങളെ കൂടാതെ തീർപ്പ് കൽപിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.
എന്ന്, 2026 ജൂലൈ മാസം 23-ാം തിയ്യതി
അന്യായഭാഗം അഡ്വക്കേറ്റ്: **SIVADAS M**

ബഹുമാനപ്പെട്ട വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ
EP 326/2022
OS 927/2020

CKL നിധി ലിമിറ്റഡ് : വിധി ഉടമ
1. തലപ്പിള്ളി താലൂക്ക്. വേലൂർ അംശം, പുത്തൻകുളം ദേശത്ത്. പി.ഒ.കിരാലൂർ, പിൻ 680601, പുത്തുക്കര വീട്ടിൽ ലോനപ്പൻ മകൻ പി.എൽ.അന്തോണി.
: എതൃകക്ഷി
മേൽ നമ്പറിൽ എതൃകക്ഷിക്ക് റൂൾ 66 നോട്ടീസ് കോടതിയിലും, എതൃകക്ഷികളുടെ വാസസ്ഥലത്തും, വില്ലേജ് ഓഫീസിലും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് 19-08-2026 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
എന്ന് 2026 ജൂലൈ മാസം 30 ന്
വിധിഉടമ ഭാഗം അഡ്വക്കേറ